ഉത്തരം

(എ) പ്രദീപൻ, സുരേഷ് എന്നിവർ

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് പാനൂർ പി.എസ്. കുറ്റ നമ്പർ. 223/99 അ/സെ 307,302 ഐ.പി.സി.ആന്റ് സെക്ഷൻസ് 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ്സ് സബ്സ്റ്റൻസ് ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) കേസന്വേഷണം നടന്നുവരുന്നു.

(എഫ്) ഉണ്ടായി.

(ജി) കോടായി റജീഷ്, കെ. സജിത്, വാഴയിൽ റഹീം, സിറാജ്, താരിഖ് എന്നിവർക്ക് പരിക്കേറ്റു.

(എച്ച്) കേസന്വേഷണം നടന്നുവരികയാണ്.

(ഐ) ധർമ്മടം പി.എസ്. കുറ്റ നം.190/2000 അ/സെ. 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ്സ് സബ്സ്റ്റൻസ് ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിലാണ്.

(ജെ) കുടിയാന്മലയിൽ ആൾ താമസമില്ലാത്ത ഒരു വീട്ടിലുണ്ടായ സ്ഫോടനത്തിൽ പരിക്ക് പറ്റിയ വാണിവളാക്കൽ സതീശൻ, ഉണ്ടപ്പുരയിൽ പ്രകാശൻ എന്നിവർ മരണപ്പെട്ടു.

(കെ) കുടിയാന്മല പി.എസ്. കുറ്റ നം.3/2001 അ/സെ. 3 ആന്റ് ഓഫ് എക്സ്പ്ലോസീവ്സ് സബ്സ്റ്റൻസ് ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്.

(എൽ&എം.) കേസന്വേഷണം പൂർത്തിയായാലെ പ്രതികളുടെ പൂർണ്ണ വിവരം ലഭ്യമാവുകയുള്ളൂ.

പാനൂർ താഴെ ചാംപട് നടന്ന സ്ഫോടനം

93 (94) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബറിൽ കണ്ണൂർ ജില്ലയിൽ പാനൂർ താഴെ ചാംപട് ആൾ താമസമില്ലാതിരുന്ന നബീസുവിന്റെ വീടിനടുത്ത് ഒരു സ്ഫോടനം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സ്ഫോടനത്തിൽ ആർക്കെല്ലാം പരിക്കേറ്റു ; പരിക്കിന്റെ സ്വഭാവം എന്താണ് ;

(സി) ഈ സ്ഫോടനത്തിൽ ആർക്കെങ്കിലും കൈപ്പത്തി നഷ്ടപ്പെട്ടുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഫോടനം സംബന്ധിച്ച് പാനൂർ പോലീസ് കേസെടുത്തുവോ ; എങ്കിൽ പ്രസ്തുത കേസിന്റെ ക്രൈം നമ്പർ എത്രയെന്ന് പറയുമോ ;

(ഇ) ഈ കേസിലെ കക്ഷികൾക്ക് പരിക്കേറ്റത് എപ്രകാരമാണെന്നാണ് ക്രൈമിൽ വിശദീകരിച്ചിട്ടുള്ളത് ;

(എഫ്) ഈ കേസ് പുനരന്വേഷണം നടത്തി യഥാർത്ഥ കുറ്റത്തിന് കേസെടുക്കുമോ ?

ഉത്തരം

(എ-എഫ്) നബീസുവിന്റെ വീടിനകത്ത് ഒരു സ്ഫോടനം ഉണ്ടായതിൽ 3 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 275/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു.

കുടുംബത്തെ ഒന്നടങ്കം കൂട്ടക്കൊല ചെയ്ത സംഭവം

94 (95) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ നഗരത്തിൽ ഒരു കുടുംബത്തെ ഒന്നടങ്കം കൂട്ടക്കൊല ചെയ്ത സംഭവം സംബന്ധിച്ച കേസന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ കേസിൽ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഈ സംഭവത്തെ തുടർന്ന് ജനങ്ങൾക്കുണ്ടായിരുന്ന ഭീതി അകറ്റുന്നതിന് പ്രതികളെ കണ്ടെത്തുന്നതിനും കുറ്റമറ്റ അന്വേഷണ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-സി) കേസന്വേഷണം പൂർത്തിയായി വരികയാണ്. കേസിലെ പ്രധാന പ്രതി മാഞ്ഞൂരാൻ വീട്ടിൽ ആന്റപ്പൻ എന്നു വിളിക്കുന്ന ആന്റണിയെ അറസ്റ്റു ചെയ്തു.

ബലാൽസംഗങ്ങൾ

95 (96) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ബലാൽസംഗങ്ങൾ ഉണ്ടായി ; ഇവയിൽ കൂട്ടുബലാൽസംഗങ്ങളെത്ര ; അമ്മമാരുടെ ബലാൽസംഗങ്ങളെത്ര ; ബന്ധുമിത്രാതികളുടെ മുമ്പിൽവച്ച് നടന്ന ബലാൽസംഗങ്ങളെത്ര ;

LIBRARY ARCHIVES Kerala Legislative Assembly